I/42810/2023

**കേരളസർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**

**ശാന്തി നഗർ, തിരുവനന്തപുരം- 695001**

**<u>വിജ്ഞാപനം</u>**

**<u>2023-ലെ ആർക്കിടെക്ചർ റാങ്ക് തയ്യാറാക്കുന്നതിന് യോഗ്യതാ പരീക്ഷയുടെ മാർക്കും നാറ്റാ സ്കോറും ഓൺലൈനായി സമർപ്പിക്കണം</u>**

കൗൺസിൽ ഓഫ് ആർക്കിടെക്ചർ നടത്തിയ നാഷണൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് ഇൻ ആർ ക്കിടെക്ചർ (NATA-2023) പരീക്ഷയിൽ ലഭിച്ച സ്കോറിനും, യോഗ്യതാ പരീക്ഷയിൽ (പ്ലസ്ടു/ഡിപ്ലോമ അഥവാ തത്തുല്യം) ലഭിച്ച മാർക്കിനും തുല്യ പരിഗണന നൽകി പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലായിരിക്കും 2023-24 അധ്യയന വർഷം കേരളത്തിലെ ആർക്കിടെക്ചർ (ബി.ആർക്ക്) കോഴ്സിലേക്കുള്ള പ്രവേശനം നടത്തുന്നത്. പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നതിനായി 2023 - ലെ ആർക്കിടെക്ചർ പ്രവേശനത്തിനായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അപേക്ഷിച്ചിട്ടുള്ള, N A T A ടെസ്റ്റിൽ യോഗ്യരായ വിദ്യാർത്ഥികൾ അവരുടെ നാറ്റ 2023 സ്കോറും, യോഗ്യത പരീക്ഷയിൽ (പ്ലസ്ടു/ഡിപ്ലോമ അഥവാ തത്തുല്യം) ലഭിച്ച ആകെ മാർക്കും **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള **'KEAM - 2023 Candidate Portal'** എന്ന ലിങ്കിലൂടെ അപേക്ഷാർത്ഥികൾക്ക് അവരവരുടെ അപേക്ഷാ നമ്പർ, പാസ്‌വേഡ് എന്നിവ നൽകി ഹോം പേജിൽ പ്രവേശിച്ച ശേഷം **'Mark submission for B.Arch'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് നാറ്റാ -2023 സ്കോറും, യോഗ്യത പരീക്ഷയിൽ (പ്ലസ്ടു/ഡിപ്ലോമ അഥവാ തത്തുല്യം) ലഭിച്ച മാർക്കും സമർപ്പിക്കാവുന്നതാണ്. യോഗ്യതാ പരീക്ഷയിൽ ഗ്രേഡാണ് നൽകിയിരിക്കുന്നതെങ്കിൽ ഗ്രേഡിന് തുല്യമായ മാർക്ക് സമർപ്പിക്കേണ്ടതാണ്. മാർക്കുകൾ വെബ്സൈറ്റിൽ നിഷ്കർഷിക്കുന്നതു പോലെ രേഖപ്പെടുത്തി **'Submit'** ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതാണ്. അതിനുശേഷം **'Upload NATA Score Card and Plus Two/Diploma or equivalent Mark sheet'** എന്ന പേജിലൂടെ വിദ്യാർത്ഥി പരീക്ഷയുടെ (പ്ലസ്ടു/ഡിപ്ലോമ അഥവാ തത്തുല്യം) മാർക്ക് ഷീറ്റിന്റെയും, നാറ്റാ-2023 സ്കോർ കാർഡിന്റെയും P D F ഫോർമാറ്റുകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്. അപ്‌ലോഡ് ചെയ്യുന്ന സർട്ടിഫിക്കറ്റുകൾ/രേഖകൾ വ്യക്തതയുള്ളതും വായിക്കാൻ കഴിയുന്നതും അപാകതയില്ലാത്തതുമായിരിക്കണം. അതിനുശേഷം **'Print Mark submission Confirmation Report'** എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് കൺഫർമേഷൻ റിപ്പോർട്ട് ഡൗൺലോഡ് ചെയ്ത് ഹാർഡ് കോപ്പി/സോഫ്റ്റ് കോപ്പി വിദ്യാർത്ഥി സൂക്ഷിക്കേണ്ടതാണ്. ഇവ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലേക്ക് അയക്കേണ്ടതില്ല. അപ്‌ലോഡ് ചെയ്ത സർട്ടിഫിക്കറ്റുകളുടെ അസ്സൽ പകർപ്പുകൾ അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ടതും അഡ്മിഷൻ അധികാരികൾ അവ പരിശോധിക്കുന്നതുമാണ്. മാർക്കിൽ വ്യത്യാസം കാണുന്ന പക്ഷം അഡ്മിഷൻ റദ്ദാക്കപ്പെടുന്നതാണ്.

I/42810/2023

സി.ബി.എസ്.ഇ പോലെയുള്ള രണ്ടാം വർഷത്തിൽ മാത്രം പൊതു പരീക്ഷ നടത്തുന്ന ബോർഡുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ രണ്ടാം വർഷത്തെ മാർക്ക് രേഖപ്പെടുത്തി പ്രസ്തുത മാർക്ക് ലിസ്റ്റ്, നാറ്റാ-2023 സ്കോർ കാർഡിനൊപ്പം അപ്‌ലോഡ് ചെയ്താൽ മതിയാകും. എന്നാൽ കേരള ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി പോലെ രണ്ട് വർഷത്തെ മാർക്കുകൾ ലഭ്യമായ ബോർഡുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ രണ്ട് വർഷത്തെയും ആകെ മാർക്കുകൾ രേഖപ്പെടുത്തി പ്രസ്തുത മാർക്ക് ലിസ്റ്റുകൾ നാറ്റാ-2023 സ്കോർ കാർഡിനൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഡിപ്ലോമ യോഗ്യതയുള്ള വിദ്യാർത്ഥികൾ എല്ലാ സെമസ്റ്ററുകളുടെയും ആകെ മാർക്കുകൾ രേഖപ്പെടുത്തി എല്ലാ സെമസ്റ്ററിലെയും മാർക്ക് ലിസ്റ്റുകൾ നാറ്റാ-2023 സ്കോർ കാർഡിനൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതാണ്.

മാർക്ക് ലിസ്റ്റുകൾ പ്രത്യേക pdf ഫയലുകളാണെങ്കിൽ, pdf ഫയലുകൾ merge ചെയ്ത് ഒരൊറ്റ pdf ഫയലായി upload ചെയ്യണം.

നാറ്റാ സ്കോറും, യോഗ്യത പരീക്ഷയിൽ (പ്ലസ്ടു/ഡിപ്ലോമ അഥവാ തത്തുല്യം) ലഭിച്ച മാർക്കും ഓൺലൈനായി സമർപ്പിക്കുന്നതിനും അനുബന്ധ രേഖകൾ അപ്‌ലോഡ് ചെയ്യുന്നതിനും 29.06.2023 വൈകുന്നേരം 5 മണി വരെ വെബ്സൈറ്റിൽ സൗകര്യം ലഭ്യമാകുന്നതാണ്.

**മേൽപ്പറഞ്ഞ പ്രകാരം, വെബ്സൈറ്റ് വഴി യഥാസമയം നാഷണൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് ഇൻ ആർക്കിടെക്ചർ (NATA-2023) പരീക്ഷയിൽ ലഭിച്ച സ്കോറും, യോഗ്യത പരീക്ഷയിൽ (പ്ലസ്ടു/ഡിപ്ലോമ അഥവാ തത്തുല്യം) ലഭിച്ച മാർക്കും സമർപ്പിക്കാത്ത വിദ്യാർത്ഥികളെയും ആവശ്യമായ രേഖകൾ upload ചെയ്യാത്തവരെയും 2023-ലെ NATA യോഗ്യത നേടാത്തവരെയും ആർക്കിടെക്ചർ പ്രവേശനത്തിനുള്ള റാങ്കിന് പരിഗണിക്കുന്നതല്ല.**

***കുറിപ്പ്***

കൗൺസിൽ ഓഫ് ആർക്കിടെക്ചർ (CoA) ന്റെ NATA-2023 Brochure പ്രകാരം രണ്ട് ടെസ്റ്റുകളിൽ പങ്കെടുക്കുന്നവരുടെ രണ്ടു ടെസ്റ്റുകളിൽ ലഭിച്ച മാർക്കുകളിൽ ഉയർന്ന സ്കോറാണ് Valid Score ആയി പരിഗണിക്കുന്നത്. ആയതിനാൽ രണ്ടു ടെസ്റ്റുകൾ (NATA) എഴുതിയവർ ഉയർന്ന സ്കോർ ലഭിച്ച ടെസ്റ്റിന്റെ സ്കോർ കാർഡ് തന്നെ അപ്‌ലോഡ് ചെയ്യുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

തിരുവനന്തപുരം
24-06-2023

**പ്രവേശന പരീക്ഷാ കമ്മീഷണർ**

Signed by
Arun K Vijayan
Date: 24-06-2023 17:57:04